പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 153 13.07.2016- ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർ

ചോദ്യം

ശ്രീ.എം.രാജഗോപാലൻ

ശ്രീ.റ്റി.വി.രാജേഷ്

ശ്രീ.കെ.ബാബു

ഉത്തരം

ശ്രീ.പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതത്തിനിരയായവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യപൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും ജില്ല കളക്ടർ കൺവീനറും ആയി ഒരു ജില്ലാതല സെൽ പ്രവർത്തിച്ചു വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് പ്രതിമാസ പെൻഷനും അവരെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായവും കുടിശ്ശിക തീർത്തും നല്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ്, സൗജന്യറേഷൻ, ചികിത്സക്കുള്ള യാത്രാ സൗകര്യങ്ങൾ തുടങ്ങിയവ ദുരിതബാധിതർക്ക് നൽകി വരുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ അർഹതപ്പെട്ടവർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്.<br>ജില്ലയിലെ ആരോഗ്യ, സാമൂഹ്യ, വിദ്യാഭ്യാസ, സേവന മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നബാർഡ്-RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ 236 പദ്ധതികളിൽ 166 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് മൂളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ ആശ്വാസത്തിനായി താഴെ പറയും പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ അനുവദിച്ച് വരുന്നുണ്ട്.<br>1. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രതിമാസ പെൻഷൻ നൽകി വരുന്നു.<br>2. പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്ത ദുരിതബാധിതരെ ശുശ്രൂഷിക്കുന്ന ഒരാൾക്ക് ആശ്വാസകിരണം പദ്ധതി വഴി 700/- രൂപ നിരക്കിൽ ധനസഹായം (സ്പെഷ്യൽ ആശ്വാസകിരണം) അനുവദിച്ചുവരുന്നു.<br>3. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും ശാരീരിക വൈകല്യമുള്ളവർ, കാൻസർ |

| | | | |
|---|---|---|---|
| | | | രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ദുരിതബാധിതരുടെ സൗജന്യചികിത്സ, പുനരധിവാസം, കടം എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുമോ; | (സി) | ദുരിതബാധിതരുടെ സൗജന്യ ചികിത്സ, പുനരധിവാസം, കടം എഴുതിത്തള്ളൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിക്കും. |
| (ഡി) | എൻഡോസൾഫാൻ ദുരിതത്തിനിരയായ നിരവധി പേർ ആനുകൂല്യത്തിന് അർഹതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെടാതെ പോയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇനിയും പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ കണ്ടെത്തുന്നതിലേക്കായുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**